**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പാലക്കാട് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ എൽ.ഡി. ക്ലാർക്കായി ജോലി ചെയ്യുന്ന ശ്രീ.കെ. വിജയകുമാരന് പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.**2534/2016/**തസ്വഭവ തീയതി, തിരുവനന്തപുരം,27/08/2016.

---

പരാമർശം :
1. 06.02.2013 ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.
2. ശ്രീ. വിജയകുമാരൻ കെ.യുടെ 06.08.2015 ലെ അപേക്ഷ.
3. ഹയർ സെക്കണ്ടറി ഡയറക്ടറുടെ 06.08.2015 ലെ എ്ഡി എ 2-997/2015 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 22.08.2015 ലെ ഇ 6- 26939/15 നമ്പർ കത്ത്.
5. ഹയർ സെക്കണ്ടറി ഡയറക്ടറുടെ 16/02/2016-- ലെ എഡി എ 2-7127/2016 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ 06.05.2015 മുതൽ ജോലി ചെയ്യുന്ന ശ്രീ.കെ.വിജയകുമാരൻ പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

പരാമർശം 1 ലെ ഉത്തരവിലെ ഖണ്ഡിക 3(viii)ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്. എന്നാൽ ടി ഉദ്യോഗസ്ഥന്റെ സേവനം ക്രമവല്ക്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ . ശ്രീ.കെ.വിജയകുമാരന്റെ എൽ. ഡി. ക്ലാർക്ക് തസ്തികയിലെ സേവനം ക്രമവൽക്കരിച്ചിട്ടുണ്ട്. കൂടാതെ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന് പാലക്കാട് ജില്ലയിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ ശ്രീകെ. വിജയകുമാരനെ പഞ്ചായത്ത് വകുപ്പിലേക്ക് വിട്ടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് പരാമർശം 3 പ്രകാരം ഹയർ സെക്കണ്ടറി ഡയറക്ടറും ടിയാളുടെ നിയമനം ക്രമവൽക്കരിക്കുന്ന മുറയ്ക്ക് അത്തരം അപേക്ഷയിൽ

തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരാമർശം 5 പ്രകാരം ടിയാളുടെ നിയമനം ക്രമവൽക്കരിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പാലക്കാട് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.കെ.വിജയകുമാരന് പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.കെ. വിജയകുമാരൻ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ( 21.12.2015 ലെ 22121/ബി2/2015/ഉഭപവ , 02.03.2016 3164 ബി2/2015/ഉഭപവ നമ്പർ കുറിപ്പുകൾ പ്രകാരം)
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്( ഫയൽ നം. EPA1/514/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ